**വളരെ അടിയന്തിരം**

"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയം ഭരണ വകുപ്പ് (LID & EW)
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 –2324951
0471 –2325071
Tele FAX : 0471 – 2324951
e-mail: celsgd@gmail.com
website: www.celsgd.kerala.gov.in

---

നം. ഡിബി4/8613/CMLRRP/2020/സിഇ/തസ്വഭവ തീയതി : 11.10.2020

**പരിപത്രം**

വിഷയം : തസ്വഭവ – സാങ്കേതിക വിഭാഗം – "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി [Chief Minister's Local Roads Rebuild Project (CMLRRP)] – പ്രവൃത്തികളുടെ നിർവ്വഹണം, CMLRRP MISൽ അപ്ഡേറ്റ് ചെയ്യുന്നത് – സംബന്ധിച്ച്

സൂചന : ****

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1. CMLRRP MIS സോഫ്റ്റ്‌വെയറിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ നടത്തുന്നത് സംബന്ധിച്ച് ഓൺലൈൻ ആയി ക്ലാസ് നൽകിയിട്ടുള്ളതാണ്.

2. http://celsgd.kerala.gov.in/new_layout/gen/user_manuals.php എന്ന ലിങ്കിൽ കാണിച്ചിട്ടുള്ള യൂസർ മാന്വലിന് അനുസൃതമായി ഓരോ തദ്ദേശ സ്ഥാപനങ്ങളിൽ ഉള്ള IKMന്റെ ടെക്നിക്കൽ അസിസ്റ്റന്റ്-ന്റെ സഹായത്തോടെ CMLRRP MIS സോഫ്റ്റ്‌വെയറിൽ പ്രവേശിക്കുന്നതിനുള്ള ലോഗിൻ ഐഡി, പാസ്സ്‌വേർഡ് അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ സജ്ജമാക്കേണ്ടതാണ്.

3. CMLRRP പ്രവൃത്തികൾ ഉള്ള എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരും MIS സോഫ്റ്റ്‌വെയർ മുഖാന്തിരം ആണ് ബില്ലുകൾ സമർപ്പിക്കേണ്ടത്. ഇതിനായി, CMLRRP MISൽ സാങ്കേതികാനുമതി ലഭിക്കുന്ന സമയം മുതൽ ടി-സോഫ്റ്റ്‌വെയറിൽ അപ്ഡേഷന് വേണ്ടിയുള്ള നടപടികൾ അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്.

4. https://cmlrrp.lsgkerala.gov.in/ എന്ന സൈറ്റ് മുഖാന്തിരമാണ് CMLRRP MISൽ പ്രവേശിക്കുന്നത്.

5. CMLRRP MISൽ പ്രവേശിച്ച് കഴിഞ്ഞാൽ അതാത് തദ്ദേശ സ്ഥാപനങ്ങളിൽ അനുവദിച്ച് നൽകിയിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റ് ലഭിക്കുന്നതാണ്. ടി-ലിസ്റ്റിൽ ഉള്ള പ്രവൃത്തികളിൽ ആണ് രേഖപ്പെടുത്തലുകൾ നടത്തേണ്ടത്.

6. നിർവ്വഹണ ഉദ്യോഗസ്ഥർ CMLRRP MISൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തുന്നു എന്ന് പരിശോധിക്കേണ്ടത് ചുവടെ ചേർത്ത പട്ടികയിൽ ഉള്ള ഉദ്യോഗസഥരിൽ നിക്ഷിപ്തമായിരിക്കും

(മറുപുറം)

| | |
|---|---|
| ഗ്രാമ / ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പാക്കുന്ന പ്രവൃത്തികൾ | Concerned Block Panchayath Assistant Executive Engineer |
| ജില്ലാ പഞ്ചായത്ത് വഴി നടപ്പാക്കുന്ന പ്രവൃത്തികൾ | Concerned District Panchayath Executive Engineer |
| മുനിസിപ്പാലിറ്റി വഴി നടപ്പാക്കുന്ന പ്രവൃത്തികൾ | Concerned Head of Offices of Municipalities (Superintending Engineer of Circle Offices to ensure) |
| കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പ്രവൃത്തികൾ | Concerned Superintending Engineer |

7. **13.10.2020-ന്, 1മണിക്ക് മുൻപായി CMLRRP MISൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ് എന്ന് കർശന നിർദ്ദേശം നൽകുന്നു. വീഴ്ച വരുത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്, വിവരങ്ങൾ മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള കൺട്രോളിങ് ഉദ്യോഗസ്ഥർ 14.10.2020-ന്, 1മണിക്ക് മുൻപായി ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.** സോഫ്റ്റ്‌വെയറിൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തുന്നത് സംബന്ധിച്ച് ഈ കാര്യാലയത്തിൽ നിന്നും വീണ്ടും ഒരു നിർദ്ദേശം ഉണ്ടായിരിക്കുന്നതല്ല.

8. CMLRRP MISൽ രേഖപ്പെടുത്തലുകൾ നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും സംശയം ഉള്ളവർ 9400447174 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

വിശ്വസ്തതയോടെ,

-S/d-

ചീഫ് എഞ്ചിനീയർ